**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **1587** | **03/05/2017** ൽ മറുപടിയ്ക്ക്

**പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിടവും സ്റ്റാഫ് ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനുള്ള നടപടി**

ചോദ്യം

**ശ്രീ. സി. കൃഷ്ണൻ**

എ) പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിടവും സ്റ്റാഫ് ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടം വരെ ആയി എന്ന് വിശദമാക്കാമോ;

ബി) മേൽ പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായോ; വിശദമാക്കാമോ;

സി) പെരിങ്ങോം ഫയർ സ്റ്റേഷന്റെയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

മറുപടി

**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

**(എ)(ബി)&(സി)**

കണ്ണൂർ ജില്ലയിൽ പെരിങ്ങോം ഫയർ & റെസ്ക്യൂ സ്റ്റേഷനും ഫാമിലി ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനായി പ്ലാനും എസ്റ്റിമേറ്റ് റിപ്പോർട്ടും സഹിതമുള്ള നിർദ്ദേശം ഫയർ & റെസ്ക്യൂ സർവീസസ് ഡയറക്ടർ ജനറൽ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ